# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3173** | **19.06.2018-ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന അനർഹരെ കണ്ടെത്തുന്നതിന് നടപടി**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്ന അനർഹരെ കണ്ടെത്തുന്നതിന് പ്രാഥമിക പരിശോധന നടന്നിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ എല്ലാ സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന അതത് പ്രാദേശിക സർക്കാർ ഓഫീസുകളിൽ സമർപ്പിക്കുന്നതിനും ടി ഓഫീസുകൾ ആയത് രേഖപ്പെടുത്തി അയ്ക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ലഭിച്ചിട്ടുള്ള സത്യപ്രസ്താവനകളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെന്ന് കണ്ടെത്തിയിട്ടുള്ളവരുടെ പെൻഷൻ വിതരണം ചെയ്യുന്നത് തടഞ്ഞിട്ടുണ്ട്. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരുകളിൽ സാമ്പിൾ സർവ്വേ നടത്തുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (ബി) എത്ര അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്നാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ;<br>(സി) ഇത്തരത്തിൽപ്പെട്ട അനർഹരെ പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും അനർഹരെ ഒഴിവാക്കി പുതിയ പട്ടിക എപ്പോൾ പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) യും (സി) യും | രണ്ടാമത് പെൻഷൻ കൈപ്പറ്റി വന്നിരുന്ന 13272 വ്യക്തികളെ ഒഴിവാക്കിയിട്ടുണ്ട്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ സർവ്വേ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ പെൻഷൻ കൈപ്പറ്റുന്ന അനർഹരുടെ എണ്ണം കൃത്യമായി കണ്ടെത്തി നടപടി സ്വീകരിയ്ക്കാൻ സാധിക്കുകയുള്ളൂ. അനർഹരെ ഒഴിവാക്കി പുതുക്കിയ പട്ടിക താമസംവിനാ പ്രസിദ്ധീകരിക്കുന്നതാണ്. |
| (ഡി) നിലവിൽ എത്ര ഗുണഭോക്താക്കളാണ് സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതിയിൽ ഉള്ളതെന്ന് അറിയിക്കാമോ; | (ഡി) | നിലവിൽ 4217097 ഗുണഭോക്താക്കൾ ഉണ്ട്. |
| (ഇ) സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ലാത്ത വിഭാഗങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (ഇ) | 1. പട്ടിക വർഗ്ഗക്കാരല്ലാത്ത 2 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവർ<br>2. ആദായനികുതി നൽകുന്നവർ.<br>3. സർവ്വീസ് പെൻഷണർ<br>4. കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിഞ്ഞവർ |

| | |
|---|---|
| | 5. വ്യത്യസ്ത പ്രദേശിക സർക്കാരുകളിൽ നിന്നും പെൻഷൻ കൈപ്പറ്റിയവർ.<br>6. പുനർവിവാഹിതരായ വിധവാ പെൻഷൻ ഗുണഭോക്താക്കൾ. |
| (എഫ്) പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ എത്ര ധനസഹായ പദ്ധതികളാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി വഴി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എഫ്) 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ<br>4. കർഷക തൊഴിലാളി പെൻഷൻ<br>5. 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ. |

സെക്ഷൻ ഓഫീസർ